**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3249** **04-08-2021 - ൽ മറുപടിയ്ക്ക്**

**പാങ്ങപ്പാറ ഐ.എഫ്.എച്ച്.സി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ** | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | പാങ്ങപ്പാറ ഇന്റഗ്രേറ്റഡ് ഫാമിലി ഹെൽത്ത് സെന്ററിന്റെ നടത്തിപ്പിന്റെയും ഭരണനിർവ്വഹണത്തിന്റെയും ചുമതല ആർക്കാണെന്ന് വ്യക്തമാക്കാമോ; | (എ) | പാങ്ങപ്പാറ ഇന്റഗ്രേറ്റഡ് ഫാമിലി ഹെൽത്ത് സെന്ററിന്റെ ഭരണ ചുമതലയും നടത്തിപ്പും പൂർണമായും തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ കീഴിലാണ്. |
| (ബി) | പാങ്ങപ്പാറ ഐ.എഫ്.എച്ച്.സി.യുടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | പാങ്ങപ്പാറ ഐ.എഫ്.എച്ച്.സി ഒരു കുടുംബാരോഗ്യ കേന്ദ്രമാണ്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 24 x 7 അത്യാഹിത വിഭാഗം പ്രവർത്തിപ്പിക്കാറില്ല. |
| (സി) | കോവിഡ് മൂലം മരണമടഞ്ഞവർക്ക് പ്രത്യേക മരണ സർട്ടിഫിക്കറ്റ് നൽകുന്നതിന് ആലോചനയുണ്ടോ? | (സി) | പാങ്ങപ്പാറ ഐ.എഫ്.എച്ച്.സി ഒരു കുടുംബാരോഗ്യ കേന്ദ്രമാണ്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 24 x 7 അത്യാഹിത വിഭാഗം പ്രവർത്തിപ്പിക്കാറില്ല. നിലവിൽ വികേന്ദ്രീകൃത ഓൺലൈൻ സംവിധാനത്തിലൂടെയാണ് മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നത്. ഡബ്ല്യു.എച്ച്.ഒ, ഐ.സി.എം.ആർ തുടങ്ങിയ ഏജൻസികളുടെ മാനദണ്ഡങ്ങൾ പ്രകാരം രോഗിയെ ചികിത്സിച്ച ഡോക്ടർ തന്നെയാണ് മരണകാരണം കോവിഡാണോ അല്ലയോ എന്ന് സ്ഥിരീകരിക്കേണ്ടത്. മരണപ്പെട്ട് 24 മണിക്കൂറിനകം മരണ വിവരം ജില്ലാ മെഡിക്കൽ ഓഫീസർ പോർട്ടലിൽ രേഖപ്പെടുത്തുകയും, ഇത് പേര് സഹിതം ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റിൽ ദിവസേനയുള്ള കോവിഡ് ബുള്ളറ്റിൻ വഴി പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നുണ്ട്. മരണ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ